

(ഒരേ വിഷയത്തെക്കുറിച്ച് രണ്ട് ഭാഷ്യം. ഒരു പരീക്ഷണമാണ്. വായനകാരുടെ പ്രതികരണം പ്രതീക്ഷിക്കുന്നു)

# എൻെറ ജീവിതം

**സി. ആൻഡ്രു**

എൻെറ ചായച്ചിത്രം പൂർത്തിയാകുന്നു
ചായകൂട്ട് തീർന്നു, തൂലിക തുമ്പും തേഞ്ഞു
ചിത്രലേഖന തുണിയും നിറഞ്ഞു
അതിരുകൾ ഇല്ലാത്ത ഈ ചിത്രം
ചട്ടകൂട്ടിൽ തളക്കില്ല
ചില്ലിൻ ജയിലിലും  അടക്കില്ല

..........................................................................

# ചിത്രം തീരുമ്പോൾ

എൻെറ ചായച്ചിത്രം തീർന്നപ്പോൾ
ചായക്കൂട്ടുകൾ തീർന്നുപോയി
തൂലിക തുമ്പും തേഞ്ഞുപോയി
ചിത്രലേഖന തുണി നിറഞ്ഞു
ഇനിയും വരക്കുവതെങ്ങനെ ഞാൻ?
അതിരുകളില്ലാത്ത ചട്ടക്കൂട്ടിൽ
ഞാനാ ചിത്രത്തിനിടം കൊടുക്കും
വരച്ച് തീർന്നൊരു ചിത്രമതങ്ങനെ
കണ്ണിൻ മുന്നിൽ തെളിയുമ്പോൾ
വരക്കുവതെന്തിനു വീണ്ടും ഒരു പടം
മൂടുപടത്തിൽ പൊതിയാനോ
**********